ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/11/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



ओ□म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 4 ലക്കം 05

**വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 കാർത്തികം – മാർഗ്ഗശീർഷം**
**1192 തുലാം–വൃശ്ചികം 2016 നവംബർ**

വാർഷിക വരിസംഖ്യ: ₹**60 /-** ദീർഘകാലം: ₹**1000/-**



**ഭായ് പരമാനന്ദ് (1876 – 1947)**

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| നവംബർ 04 | : | ഭായ് പരമാനന്ദ് ജന്മദിനം |
| നവംബർ 15 | : | മഹാത്മാഹൻസ്‌രാജ് നിർവ്വാണദിനം |
| നവംബർ 16 | : | ആചാര്യനരേന്ദ്രഭൂഷൺ നിർവ്വാണദിനം |
| നവംബർ 30 | : | പഴശ്ശിരാജാ രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 6**



**മധുഛന്ദാ ഋഷിഃ മരുതഃ ദേവതാഃ നിചൃദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**ആദഹ സ്വധാമനു പുനർഗർഭത്വമേരിരേ ।**

**ദധാനാ നാമ യജ്ഞിയമ് ॥**

*(ഋഗ്വേദം 1. 6. 4)*

**പദാർത്ഥം:** എങ്ങിനേയാണോ മരുതഃ വായുവും (നാമ) ജലവും (യജ്ഞിയം) യജ്ഞത്തിനു യോഗ്യമായ ദേശത്ത് (ദധാനാഃ) എല്ലാ പദാർത്ഥങ്ങളേയും ധാരണം ചെയ്തുകൊണ്ട് (പുനഃ) വീണ്ടും വീണ്ടും (സ്വധാമനു) ജലത്തിൽ (ഗർഭത്വം) അനേകസമൂഹരൂപിയായ ഗർഭത്തെ (ഏരിരേ) എല്ലാപ്രകാരത്തിലും പ്രാപ്തമാക്കി (ആത്) അതിനുശേഷം മഴപെയ്യിക്കുന്നത്, അതേപോലെ വെള്ളത്തെ ഉയർത്തികൊണ്ടുപോയി വീണ്ടും വീണ്ടും മഴ പെയ്യിക്കുന്നു.

**ഭാവാർത്ഥം:** ഏതൊരു ജലമാണോ സൂര്യന്റേയും അഗ്നിയുടേയും സംയോഗത്താൽ ചെറുതായശേഷം അവയെ മേഘരൂപത്തിൽ ധാരണം ചെയ്ത് വായു അതിനേ വീണ്ടും വീണ്ടും മഴയായി വർഷിക്കുന്നത്, അതിലൂടെ സർവ്വരുടേയും പാലനവും സുഖവും ഉണ്ടാവുന്നു.

ഇതിനുപിന്നിൽ വായു തന്റെ സ്വഭാവത്തിനനുകൂലമായി ബാലന്റെ സ്വരൂപത്തിലായിതീർന്ന് തന്റെ പേര് പവത്രമാക്കിവെക്കുന്നു. മോക്ഷമൂലർ സാഹിബ്ബിന്റെ( മാക്സ്മുള്ളർ)ഇ ഘഅ ർത്ഥംഇ ഘമ ന്ത്രാർത്ഥത്തിനു ചേർന്നതല്ല. ഈ മന്ത്രത്തിൽ ബാലനായി തീരുക. 'പവൻ' എന്ന നാമം സ്വീകരിക്കുക എന്നിവയൊന്നും വരുന്നില്ല. ഇവിടെ ഇന്ദ്രനെന്നുപേരുള്ള വായുവിന്റെ അർത്ഥമാണ് വരുന്നത്. മറ്റൊന്നുമല്ല.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## ഗുരുകുല വാർഷികം 'വേദായനം' ബാലസംസ്കാര ശിബിരം



കാറൽമണ്ണ : കാറൽമണ്ണ വേദഗുരുകുലത്തിന്റെ (പണ്ഡിറ്റ് ഋഷിറാം ആര്യോപദേശക് മഹാവിദ്യാലയം) ഒന്നാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് 'വേദായനം' എന്ന വേദപ്രചാരണ യജ്ഞം നടത്തുന്നു. സ്വാമി ശ്രദ്ധാനന്ദന്റെ ബലിദാന ദിനമായ ഡിസംബർ 23 മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സത്സംഗ പരിപാടികളിൽ ആര്യജഗത്തിലെ പ്രശസ്ത സന്യാസിവര്യന്മാരും വേദപണ്ഡിതരും പങ്കെടുത്ത് മാർഗ്ഗദർശനം നൽകുന്നതാണ്.

ഇതോടനുബന്ധിച്ച് ആര്യസമാജത്തിന്റെ യുവജനവിഭാഗമായ ആര്യവീർദളിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി 5 ദിവസം നീണ്ടുനിൽക്കുന്ന ബാലസംസ്ക്കാര ശിബിരവും ഉണ്ടായിരിക്കും. 5-ാം തരം മുതൽ 10-ാം ക്ലാസ്സ് വരെയുള്ള തിരഞ്ഞെടുത്ത 30 ആൺക്കുട്ടികൾക്കാണ് ഈ ശിബിരത്തിൽ പ്രവേശനം നൽകുക. ഗുരുകുലത്തിൽ തന്നെ താമസിച്ച് ഇവിടത്തെ ദിനചര്യക്കനുസരിച്ച് 5 ദിവസവും പൂർണ്ണ സമയം ഈ ശിബിരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി ബന്ധപ്പെടുക ഫോൺ: 9562529095, 9446017440.

**അധിഷ്ഠാതാ, വേദഗുരുകുലം**

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | സന്ധ്യോപാസനയും അഗ്നിഹോത്രവും | – | ₹ 60.00 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95.00 |
| (3) | ആര്യോദയം | – | ₹ 10.00 |
| (4) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10.00 |
| (5) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10.00 |
| (6) | വൈദിക നിത്യകർമ്മ വിധി | – | ₹ 20.00 |
| (7) | Vedas in Story form and Chaturvarnyam | – | ₹ 35.00 |
| (8) | Dayananda the Great | – | ₹ 5.00 |

(പോസ്റ്റേജ് ചിലവ് പുറമെ)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## ആമുഖം

**വേ**ദങ്ങളെകുറിച്ച് ഒരു എട്ടാം തരം വിദ്യാർത്ഥിയോട് ഒരു ചെറിയ ചോദ്യം ചോദിച്ചാൽ അതിനുള്ള ഉത്തരം ഇതായിരിക്കും. 'ആര്യന്മാർ വിദേശത്തുനിന്നുവന്നവരാണ്. വേദങ്ങൾ കന്നു കാലികളെമേച്ചു നടന്നിരുന്നവരുടെ പാട്ടുകളാണ്. വൈദികകാലത്ത് യജ്ഞങ്ങളിൽ പശു ബലി നടത്തിയിരുന്നു. ആര്യന്മാർ സോമപാനം നടത്തിയിരുന്നവരാണ്. വേദങ്ങളിൽ യമ-യമിയുടെ രൂപത്തിൽ സഹോദരി-സഹോദരന്മാരുടെ അശ്ലീല സംവാദമുണ്ട്. സ്ത്രീകൾക്കും ശൂദ്രൻ മാർക്കും വേദം പഠിക്കാനും കേൾക്കാനും യാതൊരു അധികാരവുമില്ല'. വേദവിഷയത്തേക്കുറിച്ച് 99 ശതമാനം പേരുടേയും ധാരണയിതാണ്. വേദങ്ങളുടെ സത്യസന്ദേശത്തെകുറിച്ച് ഏതാണ്ട് സമ്പൂർണ്ണമനുഷ്യരാശിയും അനഭിജ്ഞരാണ്. ഈ ശോചനീയസ്ഥിതിക്ക് രണ്ടു കാരണങ്ങളുണ്ട്.

ഒന്നാമതായി വേദങ്ങളെക്കുറിച്ച് ജനങ്ങൾക്ക് പഠിക്കുന്നതിനുതകുന്ന യാതൊന്നും നമ്മുടെ പാഠ്യപദ്ധതിയിലില്ല. രണ്ടാമതായി വേദങ്ങളെകുറിച്ച് അപകീർത്തിപരത്തുന്ന പ്രചാരണ ങ്ങൾ വളരെ ശക്തിയായി നടക്കുകയും ചെയ്യുന്നു. ആധുനിക വിജ്ഞാനം വളരെ പുരോഗിച്ചിട്ടു ണ്ട്. ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ശക്തമായ മാധ്യമങ്ങളിന്ന് ലഭ്യമാണ്. എന്നിരുന്നാലും ഇവ യിലൂടെ വേദസന്ദേശം ജനമാനസങ്ങളിലെത്തിക്കാനുള്ള പ്രായോഗികവും ദീർഘവീക്ഷണവു മുള്ള നീക്കങ്ങൾ കാണാൻ കഴിയുന്നില്ല. വേദങ്ങളിലുള്ള ശ്രദ്ധക്കുറവും അവിശ്വാസവും മൂലം എത്രയോ ഹൈന്ദവർ നാസ്തികരായും മറ്റു മതങ്ങളിൽ ആകൃഷ്ടരായും തങ്ങളുടെ ജീവിതം സാർത്ഥകമാക്കുന്നതിനുപകരം വ്യർത്ഥമാക്കുന്നു. അവർ സ്വയം അന്ധകാരമയമായ ജീവിതം നയിക്കുകയും മറ്റുള്ളവരെകൂടി വഴിതെറ്റിച്ച് അവരുടെ ജീവിതംകൂടി നഷ്ടപ്പെടുത്തുന്നു. വേദ വിഷയങ്ങളിൽ നിരന്തരം പ്രചരിച്ചുകൊണ്ടിരിക്കുന്ന തെറ്റിദ്ധാരണകളെ അകറ്റി സത്യത്തിന്റെ പ്രചാരം നടത്തുക എന്നതാണ് ഈ പുസ്തകത്തിന്റെ മുഖ്യ ലക്ഷ്യം. മാനവരുടെ മനസ്സിൽ വേദങ്ങ ളെകുറിച്ച് ശ്രദ്ധയുണ്ടാക്കുക എന്നതിനുപുറമെ വേദങ്ങളുടെ പാവനസന്ദേശം പാലിച്ച് എല്ലാ ജീവാത്മാക്കളും ഉന്നതിനേടിമോക്ഷമാർഗ്ഗത്തിലേക്ക് നയിക്കാനങ്ങിനെ കഴിയുമാറാകട്ടെ.

ഈ പുസ്തകത്തിൽ സ്വാമി ദയാനന്ദന്റേയും അദ്ദേഹത്തിന്റെ വേദാർത്ഥശൈലി പിന്തു ടർന്ന അനേകം പണ്ഡിതൻമാരുടേയും പുരുഷാർത്ഥരൂപിയായ സാഹിത്യത്തെ സരളമായി പുസ്തകരൂപത്തിൽ തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ട്. സത്യസനാതന വൈദികസന്ദേശത്തെ ഒരു പുസ്തകത്തിൽ ഒതുക്കിതീർക്കുക അസംഭവമാണ്. എന്തെന്നാൽ ഈശ്വരൻ അനന്തനാണ്. അദ്ദേഹത്തിന്റെ ജ്ഞാനവും അനന്തമാണ്. ഈ പുസ്തകത്തിൽ വീണ്ടും പരിവർത്തനയും പരി ശോധനയും നടത്താവുന്നതാണ്. പണ്ഡിതന്മാരുടെ ആശിർവാദത്തോടെയും ഈശ്വരന്റെ അനു കമ്പയാലും ഇനി വരുന്ന പതിപ്പുകളിൽ കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കാം.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 4 ലക്കം 05

**വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 കാർത്തികം - മാർഗ്ഗശീർഷം**
**1192 തുലാം - വൃശ്ചികം 2016 നവംബർ**

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| വൈദിക ഈശ്വരൻ | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 10 |
| സംശയനിവാരിണി | : | 11 |
| മഹർഷി ദയാനന്ദ സരസ്വതി | : | 12 |
| വേദപ്രകാശം പാഠാവലി | : | 13 |
| വേദങ്ങളെ അറിയുക | : | 14 |

**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് - 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**

## മുഖവാണി

## ഹതൈ്വതാനാതതായിനഃ



**കു**രുക്ഷേത്രഭൂമിയിൽ ശത്രുപക്ഷത്ത് സഹോദരൻമാരേയും ഗുരുവര്യൻമാരേയും ബന്ധുജനങ്ങളേയും കണ്ട് സംഭ്രമിച്ച പാർത്ഥൻ പറയുന്നു.

**നിഹത്യ ധാർത്തരാഷ്ട്രാന്നഃ**
**കാ പ്രീതിഃ സ്യാജ്ജനാർദ്ദനഃ**
**പാപമേവാശ്രയേ ദസ്മാൻ**
**ഹതൈ്വതാനാതതായിനഃ (ഗീത 1.36)**

"അല്ലയോ ജനാർദ്ദനാ! ഈ ധൃതരാഷ്ട്ര പുത്രന്മാരെ വധിച്ച് നമുക്ക് എന്തുസുഖ മാണ് ലഭിക്കുക? മറിച്ച് ആതതായികളായ ഇവരെ കൊന്നാൽന മുക്ക്പ ാപമാണ് വരിക. എന്തെന്നാൽ ഇവർ നമ്മുടെ സ്വജ നങ്ങളാണ്.

വില്ലാളിവീരനായ അർജ്ജുനന്റെ ഈ സംഭ്രമഭാവമായിരുന്നു കഴിഞ്ഞ 70 വർഷ ത്തോളമായി സ്വതന്ത്രഭാരതനേതാക്കളെ ഗ്രസിച്ചിരുന്ന മഹാരോഗം. വലിപ്പത്തിലും

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വണ്ണത്തിലും ആയുധശക്തിയിലും ഭാരതത്തേക്കാൾ വളരെ പിന്നിൽ നിൽക്കുന്ന ഒരു അയൽരാജ്യം തിരശ്ശീലയ്ക്ക് പിന്നിൽ മറഞ്ഞുനിന്ന് ഭീകരരെവിട്ട് കശ്മീരിലും ഭാരതത്തിലാകമാനവും ആക്രമണങ്ങളും ചോരപ്പുഴകളും ഒഴുക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. എന്തുതന്നെ പ്രകോപനമുണ്ടായാലും മതേതരജനാധിപത്യഭാരതം പ്രതികരിക്കില്ലാ എന്ന അവരുടെ അനുഭവവും ഉറച്ചവിശ്വാസവുമാണിതിന് കാരണം. ഭാരതം സ്വാതന്ത്ര്യം വാങ്ങികൊടുത്ത ബംഗ്ലാദേശ് പോലുള്ള കൊച്ചുരാജ്യങ്ങൾപോലും നമ്മുടെ സൈനികരോട് വളരെ ക്രൂരമായി പെരുമാറിയപ്പോൾപോലും നമ്മുടെ ഭരണാധികാരികൾക്ക് പ്രതികരിക്കാനായില്ല. അർജ്ജുനന്റെ ഈ വിഷാദഭാവമായിരുന്നു അതിനു കാരണം. ഈ ദുർബ്ബലഭാവത്തിന് രണ്ടു കാരണമാണ് ഗീതയിൽ പറയുന്നത്. ഒന്നാമതായി ക്ഷത്രിയ ധർമ്മത്തേക്കുറിച്ചുള്ള ധാരണാകുറവ്. രണ്ടാമതായി സ്വജനങ്ങളെ വധിക്കുന്നതിനുള്ള ഭയം. ശ്രീകൃഷ്ണൻ ഈ സംശയങ്ങൾക്ക് വ്യക്തമായി ഉപദേശം ഗീതയിലൂടെ നൽകുന്നുണ്ട്. ക്ഷത്രിയരേ സംബന്ധിച്ചിടത്തോളം ആതതായികൾ ഒരിക്കലും സ്വജനങ്ങളാവില്ല. അർജ്ജുനൻകരുതുന്നത് ആതതായികൾ സ്വജനങ്ങളായതിനാൽ അവരെ കൊല്ലാൻ കഴിയില്ലാ എന്നാണ്. സ്വജനങ്ങളുടെ രക്ഷയല്ലാ മറിച്ച് സുജനങ്ങളുടെ സംരക്ഷണമാണ് ക്ഷത്രിയരുടെ ധർമ്മം. ഓരോ സുജനവും അവരുടെ സ്വജനമാണ്. എല്ലാ ദുർജ്ജനങ്ങളും അവരുടെ ശത്രുക്കളാണ്. "

മനുസ്മൃതി (8.350) പറയുന്നു.

*ഗുരും വാ ബാലവൃദ്ധൗ വാ ബ്രാഹ്മണം വാ ബഹുശ്രുതമ് |*

*ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ ||*

അർത്ഥം: ഗുരുവാകട്ടെ, ബാലന്മാരാകട്ടെ,വൃദ്ധന്മാരാകട്ടെ വളരെയധികം ശാസ്ത്രങ്ങൾ പഠിച്ചവരാകട്ടെ ധർമ്മമുപേക്ഷിച്ച് മറ്റുള്ളവരെ അകാരണമായി കൊന്നൊടുക്കുന്നവരെ വധിക്കുവാൻ ഒട്ടും അമാന്തിക്കരുത്. വേദത്തിൽ നിന്നാണ് മനു ഈ ആശയമെടുത്തത്. 'അഹം ഭൂമിമാദദാമ് ആര്യായ' (ഋഗ്വേദം 4.26.2) 'അഹം ഭൂമിമാദദാമ് സ്വജനായ' എന്നല്ലാ പറഞ്ഞത്.

2016 സെപ്റ്റംബർ 28 ന് പുലർച്ചെ ഭാരതത്തിന്റെ ധീരസൈനികർ പാക്കധീന കാശ്മീരിൽ മിന്നലാക്രമണം നടത്തി ആതതായികളെ കൊന്നൊടുക്കി ഈ വേദവാക്യത്തെ അന്വർത്ഥമാക്കി. ഭാരതത്തിനുനേരെ കൈയ്യോങ്ങാൻ ഇനി ആരും ധൈര്യപ്പെടരുത്. ക്ഷാത്രവീര്യമുള്ള ഒരു ഭരണനേതൃത്വത്തിനുമാത്രമേ ഇതിന് മാർഗ്ഗദർശ്ശനം നൽകാനാവൂ.

***ആതതായിന മായാന്തം ഹന്യാദേവവിചാരയൻ (മനുസ്മൃതി 8.350)***

**പത്രാധിപർ**

***തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)***
***ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 6 രാജധർമ്മം

**ചോദ്യം 6 : വിദ്യാസഭയുടെ അധികാരിയാരാണ് ?**

**ഉത്തരം** : വേദപണ്ഡിതനായിരിക്കണം വിദ്യാസഭയുടെ അധികാരി.

**ചോദ്യം 7 : ധർമ്മസഭയുടെ അധികാരിയാവാനുള്ള യോഗ്യത എന്താണ് ?**

**ഉത്തരം** : ധർമ്മസഭയുടെ അധികാരി ധാർമ്മികനും പണ്ഡിതനുമായിരിക്കണം.

**ചോദ്യം 8 : രാജസഭയുടെ അധികാരി ആരായിരിക്കണം ?**

**ഉത്തരം** : ധാർമ്മികനും നിയമജ്ഞനും നീതിനിപുണനുമായിരിക്കണം രാജസഭയുടെ അധികാരി.

**ചോദ്യം 9 : രാജാവിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തൊക്കെയാണ് ?**

**ഉത്തരം** : വേദജ്ഞൻ, ശൂരവീരൻ, പക്ഷപാതിയല്ലാത്തവൻ, ദുഷ്ടന്മാരെ നശിപ്പിക്കുന്നവൻ, ശ്രേഷ്ഠർക്ക് ആദരവ് നൽകുന്നവൻ, പ്രജകളെ സ്വന്തം സന്താനങ്ങളായികരുതുന്നവൻ എന്നിങ്ങനെയുള്ള ഗുണങ്ങൾ രാജാവിനുണ്ടായിരിക്കണം.

**ചോദ്യം10 : ധർമ്മസംസ്ഥാപനത്തിനായി വേണ്ടത് എന്താണ് ?**

**ഉത്തരം** : ധർമ്മം നിലനിർത്തുന്നതിന് കുറ്റവാളികൾക്ക് അനുയോജ്യമായ ശിക്ഷനൽകാനുള്ള വ്യവസ്ഥ അനിവാര്യമാണ്.

**ചോദ്യം11 : ആരെയൊക്കെയാണ് സഭയിലേക്ക് തിരഞ്ഞെടുക്കാൻ പാടില്ലാത്തത്?**

**ഉത്തരം** : വേദവിദ്യയറിയാത്ത വിഡ്ഢി, അധാർമ്മികനായ വ്യക്തി എന്നിവരെ സഭയിലേക്ക് തിരഞ്ഞെടുക്കരുത്.

**ചോദ്യം 12: രാജാവ് ഏതെല്ലാം ദുശ്ശീലങ്ങളിൽ നിന്ന് വിട്ടുനിൽക്കണം ?**

**ഉത്തരം** : 1. ചൂതുകളി, 2. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുക, 3. അധർമ്മം, 4. നിന്ദ, 5. നിരപരാധികളെ ശിക്ഷിക്കുക എന്നീ ദുഃസ്വഭാവങ്ങളിൽ നിന്ന് രാജാവ് അകന്നുനിൽക്കണം.

(തുടരും)

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***


(മുൻ ലക്കത്തിന്റെ തുടർച്ച)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

നചികേതസ്

## ഗോരക്ഷിണി സഭയുടെ സ്ഥാപനം



**കാ**ശിയിൽ നിന്നും ദയാനന്ദൻ ആഗ്രയിലെത്തി. ആഗ്രയിൽ സ്വാമിജി വേദ പ്രചാരം നടത്തിയിരുന്നിടത്ത് ഒരു പുതിയ പ്രവർത്തനത്തിന് തുടക്കമിട്ടു. പശുക്കളുടെ സംരക്ഷണത്തിൽ കാണുന്ന അനാസ്ഥയും അവയെ ക്രൂരമായി പീഡിപ്പിച്ച് കൊല്ലുന്നതും കണ്ട് അതിനൊരു പരിഹാരം കാണാനായി 'ഗോ രക്ഷിണി സഭ' എന്ന സംഘടന അദ്ദേഹം സ്ഥാപിച്ചു. പശുക്കളുടെ സംരക്ഷണത്തിനായി സമരം നയിക്കലായിരുന്നു ഈ സഭയുടെ ഉദ്ദേശ്യം ഭാരതത്തിന്റെ ഭൗതിക ഉന്നതിയിൽ പശുസംരക്ഷണത്തിന് ഒരുപാട് മഹത്ത്വമുണ്ട്. സ്വാമിജിയെ പോലുള്ള നവോത്ഥാനനായകനും ദേശഭക്തനും ഇതെങ്ങനെ വിസ്മരിക്കാനാവും!

## ബോംബെയിൽ ആര്യസമാജമന്ദിർ നിർമ്മാണം

ആഗ്ര, അജ്മിർ, ഭരത്പൂർ, ഇന്ദോർ തുടങ്ങിയ സ്ഥലങ്ങളിൽ യാത്രചെയ്തശേഷം അദ്ദേഹം രണ്ടാമതും ബോംബെയിലെത്തി. ബോംബെയിൽ ആര്യസമാജത്തിന് ഒരു ഭവനം പണിതു. അതിന്റെ നടത്തിപ്പിനായി ഒരു സമിതിയേ ഏർപ്പാടാക്കി. ആദ്യമായി ബോംബെയിലാണല്ലൊ ആര്യസമാജം സ്ഥാപിച്ചത്. താൻ നട്ടുവളർത്തിയ ചെടിയെ ദൃഢമാക്കാനാണ് അദ്ദേഹമതു ചെയ്തത്.

## തിയോസഫിക്കൽ സൊസൈറ്റിയുമായുള്ള ബന്ധം അവസാനിപ്പിക്കൽ

തിയോസഫിക്കൽ സൊസൈറ്റി തങ്ങളുടെ ആചാര്യനായി സ്വാമിജിയെ അംഗീകരിച്ചതായി നേരത്തേ വിവരിച്ചിരുന്നുവല്ലോ. സ്വാമിജിയേ മുന്നിൽ കാണിച്ചുകൊണ്ടാണ് അവർ ഭാരതത്തിൽ പ്രചാരണം നടത്തിയിരുന്നത്. എന്നാൽ അധികം വൈകാതെ തന്നെ അവരുടെ ഉദ്ദേശ്യം വ്യക്തമായി തുടങ്ങി. ആര്യസമാജത്തിന്റെ ശിഷ്യർ എന്നവകാശപ്പെട്ടിരുന്ന ഇവർ ഗുരുവായി സ്വയം അറിയപ്പെടാൻ ശ്രമിച്ചു. ഇക്കാര്യം ബോദ്ധ്യപ്പെട്ട സ്വാമിജി ബോംബെയിൽ ഒരു മഹാസമ്മേളനം സംഘടിപ്പിച്ച് കാര്യങ്ങൾ വിശദീകരിച്ച് തിയോസ്ഥിക്കൽ സൊസൈറ്റിയുമായുള്ള തങ്ങളുടെ ബന്ധം അവസാനിപ്പിക്കുന്നതായി പ്രഖ്യാപിച്ചു.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## അഥ വേദോൽപത്തി വിഷയഃ

***ചോദ്യം : ഞാൻ ചോദിയ്ക്കട്ടെ. ഗായത്രി തുടങ്ങിയ ഛന്ദസ്സുകൾ രചിയ്ക്കുന്നതിനാവശ്യമായ ജ്ഞാനം ഈശ്വരനില്ലെ?***

**ഉത്തരം:** ഈശ്വരന് എല്ലാ അറിവും ഉണ്ട്. ഈശ്വരന് എല്ലാ അറിവുകളും ഉള്ളതിനാൽ താങ്കളുടെ ഈ സംശയം അടിസ്ഥാനരഹിതമാണ്.

**ചോദ്യം : ചതുർമുഖനായ ബ്രഹ്മാവാണ് വേദങ്ങൾ രചിച്ചത് എന്ന് ഇതിഹാസത്തിൽ കേൾക്കാനുണ്ടല്ലൊ?**

**ഉത്തരം:** അങ്ങനെ പറയരുത്. ഇതിഹാസമെന്നാൽ ശബ്ദപ്രമാണത്തിൽ അന്തർഭവിച്ചതെന്നർത്ഥം. (ആപ്തോ) ആപ്തരുടെ ഉപദേശമാണ് ശബ്ദം എന്ന് ന്യായദർശനത്തിൽ ഗൗതമാചാര്യർ എഴുതിയിട്ടുണ്ട്. ശബ്ദപ്രമാണത്താൽ യുക്തമായതാണ് ഇതിഹാസമെന്നറിഞ്ഞാലും. മറ്റൊന്നുമല്ല. ഈ സൂത്രത്തിന്റെ വ്യാഖ്യാനത്തിൽ വാത്സ്യായനമുനി ആപ്തന്റെ ലക്ഷണങ്ങൾ പറയുന്നുണ്ട്. സർവ്വശാസ്ത്രങ്ങളേയും അറിയുന്നവനും കാപട്യമില്ലാത്ത ധർമ്മാത്മാവും സദാ സത്യവാദിയും സത്യമാനിയും സത്യകാരിയും അന്യരുടെ സുഖത്തിനും നന്മയ്ക്കും വേണ്ടി ആത്മാവിലുള്ള ജ്ഞാനത്തെ കൃപാപൂർവ്വം സത്യസന്ധമായി ഉപദേശിയ്ക്കുന്നവനും ഭൂമി മുതൽ ഈശ്വരൻ വരെ ഉള്ളതിനേയെല്ലാം സാക്ഷാത്കരിച്ച് തദനുസരണം വർത്തിക്കുക എന്ന ആപ്തിയുള്ളവനാണ് ആപ്തൻ. അദ്ദേഹത്തിന്റെ ഉപദേശത്തെ പ്രമാണമായികാണാം. ഇതിനുവിപരീതമായുള്ള മനുഷ്യരുടേതല്ല. എന്തെന്നാൽ സത്യവൃത്താന്തത്തിന്റെ പേരാണ് ഇതിഹാസമെന്നത്. അസത്യത്തിന്റേതല്ല. സത്യപ്രമാണയുക്തമായതെന്തോ അത് ഇതിഹാസവും സർവ്വമനുഷ്യർക്കും ഗ്രഹിയ്ക്കാൻ യോഗ്യവുമാണ്. മറിച്ചുള്ളത് ഇതിഹാസമായി കരുതുന്നത് ആർക്കും യോജിച്ചതല്ല. എന്തെന്നാൽ പ്രമാദിയായ വ്യക്തിയുടെ മിഥ്യാഭാഷണത്തിന് ഇതിഹാസമെന്നുപറയാനാവില്ല. ഇപ്രകാരം വ്യാസൻ നാലുവേദങ്ങളുടേയും സംഹിതകളുടെ സംഗ്രഹണം നടത്തിതുടങ്ങിയ കഥകളെല്ലാം വിശ്വസിക്കാൻ കൊള്ളുന്നതല്ലാ എന്നറിയുക

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വൈദിക ഈശ്വരൻ

**കെ.എം. രാജൻ**

**ജ്ഞാ**നേന്ദ്രിയങ്ങളാൽ ഒരു വസ്തുവിനെ നിങ്ങളറിയുമ്പോൾ അതിനെ പ്രത്യക്ഷതെളിവായി നിങ്ങൾ കാണുന്നു. ഉദാഹരണത്തിൽ ഒരു മാമ്പഴം കഴിക്കുമ്പോൾ അതിന്റെ മധുരവും മറ്റു ബന്ധപ്പെട്ട രസങ്ങളും താങ്കൾ അറിയുന്നു. ചില പ്രത്യേക ജ്ഞാനേന്ദ്രിയങ്ങൾക്ക് മാത്രമേ ഇത്തരം അനുഭവം അറിയാനാകൂ.

നേരത്തേ പറഞ്ഞ ഉദാഹരണത്തിൽ ഈ പ്രത്യക്ഷ അനുഭവം നാക്ക്, മൂക്ക്, കണ്ണുകൾ എന്നിവയാൽ അറിഞ്ഞുവെങ്കിലും 'ചെവി'യിലൂടെ അറിയാൻ കഴിയുന്നില്ല.

ലാളിത്യത്തിനുവേണ്ടി നാം ഇതിനേ പ്രത്യക്ഷതെളിവായി കണക്കാക്കുന്നുവെങ്കിലും ഇത് പരോക്ഷതെളിവ് കൂടിയാണ്. ഏറ്റവും സൂക്ഷ്മമായ ഈശ്വരസാന്നിദ്ധ്യം സാധാരണമായ ജ്ഞാനേന്ദ്രിയങ്ങളാൽ (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി) പ്രത്യക്ഷതെളിവായി ലഭിക്കുക അസാദ്ധ്യമാണ്. സൂക്ഷ്മാതിസൂക്ഷ്മമായ കണങ്ങളെ ശക്തമായ 'മൈക്രോസ്കോപ്പ്' വഴിപോലും കണ്ടെത്തുക സാധ്യമല്ല. അൾട്രാ സോണിക് ശബ്ദങ്ങൾ കേൾക്കാനോ തൻമാത്രകളെ സ്പർശിച്ച് അറിയുവാനോ നമുക്കാവില്ല.

മറ്റൊരുതരത്തിൽ പറഞ്ഞാൽ സാധാരണങ്ങളായ ജ്ഞാനേന്ദ്രിയങ്ങളാൽ ഈശ്വരന്റെ പ്രത്യക്ഷ സാന്നിദ്ധ്യം കാണുവാനാകില്ല. ഒരു മാങ്ങയെ കാതുകൊണ്ട് അറിയാനാകില്ല. തൻമാത്രാ കണങ്ങളെ അത്തരം ഇന്ദ്രിയങ്ങളാൽ അറിയുക അസാധ്യമാണ്.

3. ഈശ്വരനെ അറിയാൻ കഴിയുന്ന ഒരേ ഒരിന്ദ്രിയം മനസ്സ് മാത്രമാണ്. മനസ്സിനെ ഏകാഗ്രമാക്കി മാറ്റി (മറ്റു ചിന്തകളിൽ നിന്നും വിമുക്തമാക്കി) ഈശ്വരന്റെ ഗുണഗണങ്ങളെ പഠനപരിശീലനങ്ങളിലൂടെ സ്വായത്തമാക്കിയാൽ ബുദ്ധി വഴി ഈശ്വരനെ പ്രത്യക്ഷീകരിക്കാം. ഒരു മാങ്ങ അതിന്റെ രുചിയാൽ അറിയുന്നതുപോലെ.

അഹിംസ, സത്യാന്വേഷണം, അനുകമ്പ, എല്ലാവർക്കും നന്മ ആഗ്രഹിക്കൽ, ഉന്നതസദാചാര ബോധം, അനീതിക്കെതിരെ സമരം ചെയ്യുക, ജനങ്ങളുടെ ഐക്യത്തിനായി ശ്രമിക്കുക തുടങ്ങിയ കാര്യങ്ങളിലൂടെ മനസ്സിന്റെ നിയന്ത്രണം നേടി ജീവിതലക്ഷ്യം കൈവരിക്കലാണ് ഒരു യോഗിയുടെ ശ്രമം.

4. ഇത്തരത്തിൽ ഈശ്വരന്റെ പ്രത്യക്ഷതെളിവുകൾ ദൈനംദിന ജീവിതത്തിൽ പരോക്ഷമായി നാം അനുഭവിച്ചറിയുന്നു. മോഷണം, വഞ്ചന, മൃഗീയത എന്നീ തെറ്റായ കാര്യങ്ങൾ നാം ചെയ്യാൻ ശ്രമിക്കുമ്പോൾ നമ്മുടെ ഉള്ളിൽ നിന്നും ഭയം, ലജ്ജ, സംശയം തുടങ്ങിയ ആന്തരികശബ്ദങ്ങൾ ഉണ്ടാവുന്നതായി നാം അറിയുന്നു. അതേസമയം മറ്റുള്ളവർക്ക് സഹായം നൽകുക, ഒരു കുട്ടിയെ ആശിർവദിക്കുക എന്നിവ ചെയ്യുമ്പോൾ നിർഭയത, ആത്മനിർവൃതി, ഉൽസാഹം എന്നീ ആന്തരിക ശബ്ദഭാവങ്ങൾ ഉണ്ടാവുന്നതായും നാം ഗ്രഹിക്കുന്നു.

(തുടരും)

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



***ചോദ്യം 53: പ്രളയാവസ്ഥയിൽ എല്ലാവരും എവിടെ വസിക്കുന്നു?***

**ഉത്തരം** : ഋഗ്വേദത്തിലെ ഈ മന്ത്രത്തിൽ ഈ ചോദ്യവും ഉത്തരവുമുണ്ട്.

അമീ യേ ദേവാഃ സ്ഥന ത്രിഷ്വാ രോചനേ ദിവഃ|
കദ് വ ഋതം കദനൃതം ക്വ പ്രജാ വ ആഹുതിർവ്വിത്തം മേ അസ്യ രോദസി||

(ഋഗ്വേദം 7.105.5)

**ഭാവാർത്ഥം**: ചോദ്യം – പ്രളയകാലത്ത് കാര്യകാരണവും ജീവനും എവിടെ വസിക്കുന്നു?

**ഉത്തരം**: കാര്യം അതിന്റെ മൂലകാരണത്തിൽ ലയിച്ച് സർവ്വവ്യാപിയായ ഈശ്വരനിലും വായുവിലുമായി സ്ഥിതിചെയ്യുന്നു. ജീവാത്മാവ് നല്ലൊരു ഗാഢനിദ്രയിലകപ്പെട്ടപോലെ വസിക്കുന്നു. ഓരോരോ സൂര്യനും കീഴേ എത്രയെത്ര ലോകങ്ങളുണ്ടോ അവയെല്ലാം സൃഷ്ടിക്കുന്നതും പരിപാലിക്കുന്നതും ഈശ്വരനാണെന്നറിയുക.

ശാസ്ത്രാർത്ഥ പണ്ഡിതനായ രാമചന്ദ്രദഹൽവി ഈ ചോദ്യത്തിനുള്ള ഉത്തരം ഇപ്രകാരം തന്നിരിക്കുന്നു. "പ്രളയത്തിന്റെ നീണ്ടകാലം (432 കോടി വർഷം) എല്ലാ ജീവികൾക്കും ഒരുപോലെയല്ല. ഗാഢനിദ്രയിൽപെട്ട ഒരു മനുഷ്യൻ എപ്രകാരമാണോ സമയത്തെപ്പറ്റി ബോധവാനല്ലാത്തത് അപ്രകാരം സുഷുപ്തി അവസ്ഥയിൽപെട്ട ജീവാത്മാക്കളും നീണ്ടപ്രളയകാലത്തെപറ്റി ബോധവാൻമാരല്ല. മുക്താത്മാക്കൾ ഈശ്വരനോട് ചേർന്ന് ആനന്ദത്തെ അനുഭവിയ്ക്കുന്നു. മറ്റുള്ളവർ ജ്ഞാനരഹിതമായ ഗാഢനിദ്രയുടെ ആനന്ദത്തെ അനുഭവിച്ചുകൊണ്ട് കഴിയുന്നു."

എപ്രകാരമാണോ ഈ ജഗത്ത് ക്രമത്തിൽ ഉൽപ്പന്നമായിതീരുന്നത് അപ്രകാരം ക്രമത്തിൽ പ്രളയത്തെപ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ ഈശ്വരൻ എപ്പോഴും ഏകരസത്തോട് കൂടിയവനാണ്.

***ചോദ്യം 54: – എന്തൊക്കെയാണ് മൃത്യുഉണ്ടാകുന്നതിനുള്ള കാരണങ്ങൾ?***

ഉത്തരം : ഏറ്റവും പ്രധാനം ഈശ്വരനെ അനുസരിക്കാതിരിക്കുക എന്നതാണ്. കൂടാതെ അത്യാഹിതങ്ങൾ, രോഗങ്ങൾ, ക്രമമല്ലാത്തഭക്ഷണം പാനീയങ്ങൾ, പരിസ്ഥിതി മലിനീകരണം, വ്യവസ്ഥയില്ലാത്തജീവിതം, പ്രകൃതിനിയമത്തിനുവിരുദ്ധമായ പ്രവർത്തികൾ തുടങ്ങിയവയും കാരണങ്ങളാണ്. അറിഞ്ഞുകൊണ്ട് സ്വന്തം ശരീരം നശിപ്പിക്കലും (ആത്മഹത്യ) മൃത്യുവിന് കാരണമാണ്. ആദ്ധ്യാത്മികം, ആധി ഭൗതികം, ആധി ദൈവികം തുടങ്ങിയ കാരണങ്ങളാലും മൃത്യു സംഭവിക്കാം.

(തുടരും)

***ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)***
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# വേദാന്തി ധ്വാന്തി നിവാരണം

**മഹർഷി ദയാനന്ദസരസ്വതി**

***തർജ്ജമ: കെ.എം. രാജൻ***

**എ**ങ്ങിനേയാണോ മണ്ണിൽ ലയിച്ചുചേരുന്ന ഗുണമുള്ളതിനാൽ കുടം തുടങ്ങിയ പദാർത്ഥങ്ങൾ ഉണ്ടാവുന്നത്, അതുപോലെ മണൽകൊണ്ടു പറ്റില്ല. അതിനാൽ മണ്ണിന് ലയിക്കാനും വേർപെട്ടുപോവാനുമുള്ള ഗുണമുണ്ട്. ഈ ഗുണം സഹജസ്വഭാവത്തോടുകൂടിയതുമാണ്. അതേപോലെ ഈശ്വരന്റെ സാമർത്ഥ്യത്താൽ ഈ ജഗത്തുണ്ടായി. അതിൽ സംയോഗത്തിന്റേയും വിയോഗത്തിന്റേയും ഗുണം സഹജമായി (സ്വാഭാവികമായി)യുണ്ട്. ഇതിൽനിന്നും വ്യക്തമാവുന്നത് ജഗത്തിന്റെ കാരണം ഈശ്വരന്റെ സാമർത്ഥ്യത്താൽ നിത്യമാണെന്നാണ്. അതിനാൽ അവയുടെ വിയോഗം തുടങ്ങിയ ഗുണങ്ങളും നിത്യമാണ്. അതുകൊണ്ട് ഈ ജഗത്ത് മിഥ്യയാണെന്ന് പറയുന്നതും അതിന്റെ സിദ്ധാന്തവും മിഥ്യയാണെന്ന് തീരുമാനിക്കണം.

4. നാലാമതായി ജീവാത്മാവിന്റെ ബ്രഹ്മവുമായുള്ള ലയനം മോക്ഷസമയത്താണ് എന്നിവർ കരുതുന്നു. സമുദ്രത്തിൽ അനേകം ജലബിന്ദുക്കൾ ലയിച്ചു ചേരുന്നതുപോലെ ഈ സിദ്ധാന്തവും മിഥ്യയാണ്. ഇത് മിഥ്യയാണെന്നതിനുള്ള പ്രമാണമുണ്ട്. കൂടുതൽ വിസ്തരിക്കാതെ സംക്ഷിപ്തമായിപറയാം.

'കഠവല്ലി,' 'ബൃഹദാരണ്യകം' തുടങ്ങിയ ഉപനിഷത്തുക്കളിൽ മോക്ഷത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്.

**യദാ പഞ്ചാവതിഷ്ഠന്തെ ജ്ഞാനാനി മനസാ സഹ|**

**ബുദ്ധിശ്ച ന വിചേഷ്ടതെ തമാഹുഃ പരമാം ഗതിമ്||**

അർത്ഥം:- ജീവാത്മാവിന് മോക്ഷം ലഭിക്കുമ്പോൾ അഞ്ചുജ്ഞാനേന്ദ്രിയങ്ങളുടേയും ജ്ഞാനം മനസ്സോടുകൂടി അതായത് വിജ്ഞാനസഹിതം സ്ഥിരമായിതീരുന്നു. ബുദ്ധി നിശ്ചയാത്മക വ്യത്തിയാൽ ചേഷ്ടകൾ ഒന്നും കാണിക്കുന്നില്ല. അതായത് ശുദ്ധ ജ്ഞാനസ്വരൂപമായ ജീവാത്മാവ് പരമാത്മാവിൽ പരമാനന്ദസ്വരൂപ യുക്തമായി സദാ ആനന്ദത്തിൽ വസിക്കുന്നു. അതിനെ പരമഗതി അഥവാമോക്ഷമെന്നു പറയുന്നു.

വേറെയും പറയുന്നുണ്ട്

പരമജ്യോതിരൂപസമ്പദ്യ സ്വേന രൂപേണാഭിനിഷ്പദ്യതേ| ഇതി ശ്രുതിർബ്യഹദാരകണ്യകസ്യ

പരമജ്യോതി അഥവാ പരമാത്മാവ്, അതായത് അതിന്റെ (ഉപസമ്പദ്യ) ഏറ്റവും സാമീപ്യത്തെ പ്രാപിച്ച് (സ്വേനരൂപേണ) അവിദ്യാദിദോഷരഹിതനായി ശുദ്ധയുക്തനും ജ്ഞാനസ്വരൂപനും സ്വസാമർത്ഥ്യശാലിയുമായ ജീവാത്മാവ് മുക്തനായിതീരുന്നു.

(തുടരും)

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
***തർജ്ജമ: കെ.എം. രാജൻ***




**ഇ**തിനുള്ള മറുപടി ഇതാണ്. ഭക്ഷണസാധനമായ കറികളിൽ സ്വൽപ്പം കായം എത്രവലിയരുചിയാണ് നൽകുക എന്നു നോക്കുക. ഇത് പ്രത്യക്ഷമാണ്. ഇത്തരത്തിൽ തന്നെ ഉപപത്തിമനസ്സിലാക്കണം.

ഹോമം ഇവിടെ ചെയ്യുമ്പോൾ അമേരിക്കയിൽ എങ്ങിനെയാണ് മാറ്റമുണ്ടാവുക എന്ന് ചിലർ സംശയിച്ചേക്കാം. വായുവിന്റെ ധർമ്മം അതിലടങ്ങിയ ശുദ്ധതയെ എല്ലായിടത്തും വ്യാപിപ്പിക്കുക എന്നതാണ്. ഇതാണിതിനുള്ള ഉത്തരം. ഇതിനുപുറമെ എല്ലാവരും സ്വന്തം വീടുകളിൽ ആര്യപദ്ധതിയനുസരിച്ച് ഹോമം നടത്തുകയാണെങ്കിൽ ഈ സംശയം തന്നെ ഉണ്ടാവില്ല. പണ്ടുകാലത്ത് ആര്യപുരുഷന്മാർ പ്രാതഃകാലത്ത് സ്നാനം കഴിഞ്ഞശേഷം 12 ആഹുതികൾ നൽകുന്ന സാമാജികനിയമമുണ്ടായിരുന്നു. എന്തെന്നാൽ കാലത്ത് ഉണ്ടാകുന്ന മല- മൂത്രാദികളുടെ ദുർഗ്ഗന്ധം പ്രഭാതകാലത്ത് ചെയ്യുന്ന യജ്ഞത്താൽ ദൂരീകരിക്കപ്പെടുന്നു. ഇത്തരത്തിൽ സായംകാലം ചെയ്യുന്ന ഹോമത്താൽ പകൽസമയത്ത് ഉണ്ടായ ദുർഗ്ഗന്ധങ്ങളുടെ നാശം സംഭവിയ്ക്കുന്നു. അങ്ങിനെ രാത്രിമുഴുവൻ വായുനിർമ്മലവും ശുദ്ധവുമായിതീരുന്നു. പ്രാചീന ആര്യന്മാർ വളരെ ബുദ്ധിമാൻമാരായിരുന്നുവെന്നതിന് അശേഷം സംശയം വേണ്ട. അമാവാസ്യയ്ക്കും പൗർണ്ണമാസിക്കും സമസ്ത ഭാരതഖണ്ഡത്തിലും ഹോമം നടക്കുമായിരുന്നു. അവയാൽ ഭാരതഖണ്ഡത്തിൽ എത്രമാത്രം ശുദ്ധവായു ഉൽപ്പന്നമായിരുന്നുവെന്ന് ആലോചിക്കുക. ഇത് നിസ്സാരമാണെന്ന് ആരും കരുതില്ല. വായുശുദ്ധമാവുന്നതോടെ മഴവെള്ളവും ശുദ്ധമാവുന്നു. മഴയ്ക്കും വായുവിനും അഭേദ്യമായ ബന്ധമുണ്ട്. ലോകത്തുള്ള ജലത്തിന്റെ മുഴുവൻ സ്രോതസ്സ് മഴമൂലമാണ്.

ജലവും വായുവും ശുദ്ധതയാർന്നതായാൽ വൃക്ഷങ്ങളിലെ ഫലങ്ങൾ, പുഷ്പങ്ങൾ രസം എന്നിവയുംശ ുദ്ധവുംപ ുഷ്ടികാരകവുമായിതീരും.ഇ ത്തരത്തിൽഅ ന്നാദിസകല്‍ ദ്രവ്യങ്ങളും ശുദ്ധവും പുഷ്ടികാരകവുമായിതീരും. അതിനാൽ ശരീരം സുഖമായി അന്നത്താൽ ബലം ഉൽപ്പന്നമാവുന്നു. പ്രാചീന ആര്യന്മാരുടെ ശൗര്യത്തേക്കുറിച്ചുള്ള വർണ്ണന ഇവിടെ ആവശ്യം വരുന്നില്ല. വായുവിലേയും ജലത്തിലേയും ദുർഗ്ഗന്ധം നഷ്ടമായി അവയിൽ ശുദ്ധത, പൗഷ്ടികത തുടങ്ങിയ ഗുണങ്ങൾ വർദ്ധിക്കുന്നതിനാൽ സർവ്വചരാചരങ്ങളും സൗഖ്യമുള്ളതായിതീരുന്നു. അതിനാലാണ് പറയുന്നത്. 'സ്വർഗ്ഗകാമോ യജേത, സുഖകാമ ഇതി ശേഷഃ || (ഐതരേയ/ശതപഥബ്രാഹ്മണം. അല്ലയോ സന്തോഷം ആഗ്രഹിക്കുന്നവരെ; നിങ്ങൾ യജ്ഞം അനുഷ്ഠിച്ചാലുമെന്നാണിതിനർത്ഥം. പരിഭാഷകൻ)

ഹോമം:- ഹോമം ചെയ്യുന്നതുമൂലം പരമേശ്വരസേവ എങ്ങിനെ നടക്കുന്നുവെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ അവരോട് സംവദിച്ച് സേവനമെന്നതിന്റെ അർത്ഥം പ്രിയ ആചരണമാണെന്ന് പറയണം. പരമേശ്വരസേവ, അതായത് അദ്ദേഹത്തിന് പ്രിയമായതിനെ ആചരിക്കുന്നതുമൂലം ന്യായകാരി

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***

യായ അദ്ദേഹത്തിൽ നിന്നും യോഗ്യമായ പ്രത്യുപകാരം ലഭിക്കുന്നു. അങ്ങിനെ ഒരു നിയമവുമുണ്ട്. അപ്പോൾ സ്വർഗ്ഗമെന്നത് സുഖവിശേഷവും വിദ്യയുമാകുന്നു. വിദ്യ സ്വർഗ്ഗപ്രാപ്തിക്കും ബുദ്ധിവർദ്ധനത്തിനും കാരണമാണ്. ബുദ്ധിവർദ്ധനവിന് ശാരീരികദൃഢത അത്യാവശ്യമാണ്. ശുദ്ധമായ വായു, ജലം, അന്നം എന്നിവ കൂടാതെ ശരീരമെങ്ങിനെ ദൃഢമാവും? ഹോമ-ഹവനത്താൽ വായുശുദ്ധമായി സുവൃഷ്ടി ഉണ്ടാവുന്നു. അതിലൂടെ ശരീരം നിരോഗവും ബുദ്ധി ശുദ്ധതയാർന്നതുമായിതീർന്ന് വിദ്യാപ്രാപ്തിയുണ്ടാവുന്നു. അതായത് സ്വർഗ്ഗപ്രാപ്തി എന്നത് സുഖപ്രാപ്തിയാണ്.

വായുശുദ്ധിക്കുവേണ്ടിയാണ് ഹോമം ചെയ്യുന്നതെങ്കിൽ യജ്ഞത്തിന് വേദമന്ത്രങ്ങളാലപിക്കുന്നതും പ്രത്യേകരീതിയിൽ ഇഷ്ടികകളും മറ്റും കൊണ്ട് വേദിയുണ്ടാക്കുന്നതും ചെയ്യുന്നത് എന്തിനാണെന്ന് ചിലർ സംശയമുന്നയിച്ചേക്കാം.

ഏതൊരു പ്രവർത്തിക്കും അതിനനുയോജ്യമായ തയ്യാറെടുപ്പുകളും മറ്റും നടത്തിയില്ലെങ്കിൽ ഉദ്ദേശിക്കുന്ന വിശേഷഫലം നിശ്ചിതസമയത്ത് ലഭിക്കില്ലാ എന്നാണതിനുത്തരം. അതിനാൽ പച്ച ഇഷ്ടികകൾ നാലങ്കുലം അടിവശത്ത് പതിനാറങ്കുലം മുകൾവശത്തും വരുന്നതരത്തിൽ ഗണിത പ്രമാണത്തോടുകൂടി കുണ്ഢമൊരുക്കി അതിനാൽ നിശ്ചിതഅളവിൽ ഹോമദ്രവ്യങ്ങളും നെയ്യും ആഹുതിചെയ്യുന്നതിലൂടെ അൽപ്പവ്യയത്താൽ അതിശയകരമായ ഉഷ്ണം ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഈ ഉഷ്ണത കാരണം വായുശുദ്ധമായിതീർന്ന് ബാഷ്പീകരിച്ച ജലത്തെ വ്യാപിപ്പിച്ച് ഉഷ്ണവായുവും മേഘങ്ങളും ഉണ്ടാവുന്നു. ഈ മേഘങ്ങൾ കൂട്ടിയിടിക്കുമ്പോൾ ഇടിവെട്ടും വൈദ്യുതിയും ഉണ്ടാവുന്നു. അങ്ങിനെ ചിട്ടയോടുകൂടി ഹോമമനുഷ്ഠിച്ചാൽ പ്രത്യേക അന്തരീക്ഷ ഊഷ്മാവുണ്ടാവുന്നതുമൂലം വിശേഷ മഴയും ലഭിക്കുന്നു.

*(തുടരും)*

**ദയാനന്ദ സന്ദേശം വൈദിക മാസിക**



*സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

DAYANANDA SANDESAM
Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch

*മാ നിന്ദത (ഋഗ്വേദം 4.5.2)*
*നിന്ദിക്കാതിരിക്കൂ!*





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## *അദ്ധ്യായം 3*



**ബ**ന്ധുക്കൾ തമ്മിലുള്ള ഈ സംവാദത്തിൽ നിന്ന് പ്രകടമാവുന്ന സാമൂഹ്യബോധത്തിൽ പാച്ചന് സന്തോഷം തോന്നി. ഇംഗ്ലീഷിന്റെ അർത്ഥം വേണ്ടപോലെ ഗ്രഹിയ്ക്കാൻ കഴിഞ്ഞില്ലെങ്കിലും.

"ഈ ഐക്യബോധം നാം മലയാളികളിൽ നമ്പൂതിരിമാരിൽ പ്രത്യേകിച്ചും കുറവാണ്. തൻകാര്യക്കാരാണ് ഭൂമിപക്ഷം. മറ്റുള്ളവർ ഉയരുന്നതിൽ അസൂയാലുക്കളാണ് മൊത്തത്തിൽ നാം. സാമൂഹ്യമായുയരുംതോറും അസൂയകുറഞ്ഞുവരികയാണ് തത്ത്വത്തിൽ വേണ്ടതെങ്കിലും അതിന്റെ മാനം കൂടിക്കൂടി വരികയാണിന്നിവിടെ. ഭൗതികവും വൈയവസായികവുമായ പാശ്ചാത്യവിദ്യാഭ്യാസം ഇവർ ഇത്രയൊക്കെ നേടിയിട്ടും കാലത്തിനൊത്ത് കോലം കെട്ടി ജനസംസ്കൃതി മദ്ധ്യത്തിൽ ജീവിച്ചിട്ടും കൗടുംബികമായി കുടിക്കാത്ത കള്ളുഷാപ്പുടമയെപ്പോലെ അതിൽനിന്നകന്നുനിന്ന് പരമ്പരാഗതമായ സ്വന്തം സംസ്കാരത്തെ സംരക്ഷിച്ചു പോരുന്നുണ്ട്. അതാണത്ഭുതം."

'ആ സനാതന സംസ്കാരത്തെപറയത്തക്കമാറ്റം-അടിത്തറയിളക്കം-വരാതെ നിലനിർത്തിപോരുന്ന ഒരു സമുദായമുണ്ടെങ്കിൽ അത് തങ്ങളാണെന്നവർക്കഭിമാനിക്കാം. സമാനമായ താൽപര്യമേ അവർക്കുള്ളൂ. അതിലപ്പുറം അവർക്കില്ല എന്നൊക്കെകുറ്റം പറയാമെങ്കിലും ആ പറയുന്നവർ 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്നു ജനസമക്ഷം പാടിപ്പുകഴ്ത്തുന്നത് സ്വന്തം സമുദായതാൽപര്യംകൂടി ഇല്ലാത്തവരാണ് തങ്ങളെന്ന നഗ്നസത്യം മറച്ചുവെക്കനല്ലെ? ആദ്യം സ്വയം നന്നാകണം. അതിനുശേഷം മറ്റുള്ളവരെ നന്നാക്കൂ. വീട്ടിൽ തിരികൊളുത്താത്തവൻ നാട്ടിലെങ്ങനെ പ്രകാശം പരത്തും?' പാച്ചന്റെ ചിന്ത സാർവ്വലൗകിയ്തിലേയ്ക്കുള്ള പ്രഥമ സോപാനമാണ്.

വണ്ടിയ്ക്ക് ഇന്ധനം നിറയ്ക്കാൻ 15 മിനിട്ടേ സമയമുള്ളു. അതുതീർന്നപ്പോൾ സിഗ്നൽ കൊടുത്തു. അകത്തും തീയും പുകയുമായി വണ്ടിപാളത്തിലൂടെ നീങ്ങി. മലഞ്ചെരുവിലൂടെ വാളയാർ ചുരം നോക്കി വണ്ടിനീങ്ങവെ, ഇരുളിൻ ചുരുൾനിവരാൻ പോകുന്നതിന്റെ വിവരം ചേക്കേറാൻ പോകുന്ന പക്ഷികൾ വിളിച്ചറിയിച്ചു.

*(തുടരും)*

***യന്തി പ്രമാദമതന്ദ്രാഃ (സാമം 721)***
***ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു***